**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**<u>ക്രെഡിറ്റ് ലിങ്ക്ഡ് സ്കീം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1674 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.ഡി. സതീശൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീമിൽ, ഭവനവായ്പ അനുവദിക്കുന്ന പദ്ധതിയനുസരിച്ച് 2017-ൽ എത്രപേർക്ക് വായ്പ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | (എ) | പി.എം.എ.വൈ (ഗ്രാമീൺ)-യിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം ഇല്ല. **പ്രധാനമന്ത്രി ആവാസ് യോജന (നഗരം) 'എല്ലാവർക്കും ഭവനം'** എന്ന പദ്ധതിയുടെ ഭാഗമായി ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം പ്രകാരം 4197 ഗുണഭോക്താക്കൾക്ക് വായ്പ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭവനവായ്പ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ? | (ബി) | ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സിഎൽഎസ്എസ്) ഘടകത്തിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം താഴെപറയും പ്രകാരമാണ്.<br>1. ഇൻഡ്യയിൽ ഒരിടത്തും സ്വന്തമായ ഭവനം ഇല്ലാത്ത കുടുംബം<br>2. കുറഞ്ഞത് മൂന്ന് വർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബമായിരിക്കണം.<br>3. EWS-സാമ്പത്തിക പിന്നോക്ക വിഭാഗം - വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപ വരെ<br>4. LIG-താഴ്ന്ന വരുമാന വിഭാഗം - |

| | | | |
|---|---|---|---|
| | | | വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ<br>5. MIG 1 - ഇടത്തരം വരുമാന വിഭാഗം - വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ മുതൽ 12 ലക്ഷം രൂപ വരെ<br>6. MIG 2 - ഇടത്തരം വരുമാന വിഭാഗം - വാർഷിക കുടുംബ വരുമാനം 12 ലക്ഷം രൂപ മുതൽ 18 ലക്ഷം രൂപ വരെ<br>7. നിലവിൽ സ്വീകരിച്ച് വരുന്ന വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി അപേക്ഷ ബാങ്ക് അംഗീകരിക്കേണ്ട താണ്. |
| (സി) | ലൈഫ് മിഷൻ പദ്ധതിയുമായി ഇതിനെ യോജിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ ? | | ഇല്ല. |

സെക്ഷൻ ഓഫീസർ